LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിലെ ജീവനക്കാർ

80 (772) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജിലേക്ക് നിലവിലുള്ള മെഡിക്കൽ കോളേജുകളിൽനിന്നും ജീവനക്കാരെയും ഡോക്ടർമാരെയും മാറ്റിയിട്ടുണ്ടോ ;

(ബി) പുതിയ മെഡിക്കൽ കോളേജുകളിലേക്ക് മാറ്റപ്പെട്ട ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം എത്ര വീതമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊമോഷൻ/സ്ഥലംമാറ്റം മുഖാന്തരം 61 ഡോക്ടർമാരെ മാറ്റി നിയമിച്ചിട്ടുണ്ട്. കൂടാതെ മറ്റ് 4 ജീവനക്കാരേയും മാറ്റി നിയമിച്ചിട്ടുണ്ട്.

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ടോമാകെയർ ആന്റ് മോഡേൺ ലബോറട്ടറി ബ്ലോക്ക് നിർമ്മാണം

81 (773) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ടോമാകെയർ ആന്റ് മോഡേൺ ലബോറട്ടറി ബ്ലോക്ക് നിർമ്മാണം (ഒന്നാംഘട്ടം) പൂർത്തീകരിച്ചത് എന്നാണ് ; ഏതുഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയത് ; എത്ര തുക ചെലവഴിച്ചു ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത മന്ദിരത്തിന്റെ മുകളിലായി ഇപ്പോൾ നടക്കുന്ന നിർമ്മാണത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാം ; അടങ്കൽ തുക, എന്തൊക്കെ സംവിധാനങ്ങൾക്കാണ് നിർമ്മാണം നടത്തുന്നത്, നിർമ്മാണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് നിർമ്മാണം തുടങ്ങിയ തീയതി, പൂർത്തീകരിക്കുന്ന തീയതി തുടങ്ങിയവ വെളിപ്പെടുത്തുമോ ;

(സി) ടോമാകെയർ സംവിധാനം കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ യഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) 31-3-2013-ന് ഒന്നാംഘട്ടം പൂർത്തീകരിച്ച കെ.എസ്.റ്റി.പി. ഫണ്ടുപയോഗിച്ച് 253 ലക്ഷം രൂപ ചെലവഴിച്ചാണ് നിർമ്മിച്ചത്.

(ബി) 2,01,00,495 രൂപയാണ് അടങ്കൽ തുക. എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് എച്ച്.എൽ.എൽ. മുഖാന്തിരം ഓപ്പറേഷൻ തിയേറ്ററിന്റെ ഉൾവശം നവീകരിക്കൽ, ടോയ്‌ലറ്റ് ബ്ലോക്ക്, മൂന്നാം നിലയുടെ നിർമ്മാണം എന്നിവയാണ് നിർമ്മിക്കുന്നത്. 2014 സെപ്റ്റംബറിൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ 2015 മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയും.

(സി) ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ ഓഫീസർമാർ

82 (774) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര മെഡിക്കൽ ഓഫീസർമാരാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ; ഇവരിൽ സർക്കാർ മേഖലയിലുള്ളവരെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ ഇത് സംബന്ധിച്ച കണക്ക് വെവ്വേറെ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ, നിലവിൽ അനുവദിക്കപ്പെട്ട 5345 തസ്തികകളിലായി 4678 മെഡിക്കൽ ഓഫീസർമാർ ജോലി ചെയ്യുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗങ്ങളിലായി 1950 ഡോക്ടർമാർ ജോലി നോക്കുന്നു. ഭാരതീയ ചികിത്സാ വകുപ്പിൽ 812 മെഡിക്കൽ ഓഫീസർ തസ്തികകളാണ് സർക്കാർ മേഖലയിൽ നിലവിലുള്ളത്. ഹോമിയോ വിഭാഗത്തിൽ 1000 മെഡിക്കൽ ഓഫീസർമാർ നിലവിലുണ്ട്. ഇവരിൽ സർക്കാർ മേഖലയിലുള്ളത് 592 പേരാണ്.

സ്വകാര്യ മേഖലയിലെ മെഡിക്കൽ ഓഫീസർമാരുടെ വ്യക്തമായ കണക്ക് സർക്കാരിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly